# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2003** | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## നവ ഉദാര പരിഷ്കാരങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നവ ഉദാര പരിഷ്കാരങ്ങളുടെ ഭാഗമായി കേന്ദ്രസർക്കാർ നടപ്പാക്കിയ ജി.എസ്.റ്റി ,കോർപ്പറേറ്റുകൾക്ക് അനുകൂലമായി മാറുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി നിയമപ്രകാരം 20 ലക്ഷം രൂപയ്ക്ക്മേൽ മൊത്തം വിറ്റുവരവുള്ള വ്യാപാരികളാണ് രജിസ്ട്രേഷൻ എടുക്കേണ്ടത്. 75 ലക്ഷം രൂപവരെ വിറ്റുവരവുള്ളതും സംസ്ഥാനത്തിനുള്ളിൽ മാത്രം വിപണനം/നിർമ്മാണം നടത്തുന്നതുമായ വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് ആനുകൂല്യം നൽകിയിട്ടുണ്ട്. നിലവിൽ കോമ്പൗണ്ടിംഗ് ആനുകൂല്യം 60 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ള, ഉല്പാദനം നടത്താത്ത വ്യാപാരികൾക്ക് മാത്രമായിരുന്നു. ആയതിനാൽ ചെറുകിട വ്യാപാരികളെയും ഉപഭോക്താക്കളെയും ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |
| (ബി) | ജി.എസ്.റ്റി നടപ്പിലാക്കുക വഴി നികുതി നിരക്ക് കുറച്ച മേഖലകൾ ഏതെല്ലാമെന്നും തൻമൂലം ഉപഭോക്താവിന് പ്രയോജനം ലഭിക്കുന്നുവോ എന്നും സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കുക വഴി പൊതുവെ എല്ലാ മേഖലകളിലും നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താല്പര്യാർത്ഥം പത്രങ്ങളിൽ പരസ്യ |

| | | | |
|---|---|---|---|
| | | | പ്പെടുത്തിയിരുന്നു. ജി.എസ്.ടി യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നല്കിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ ക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാ ക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തി വരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാ നാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഭിന്നശേഷിയുള്ളവർ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, സാനിറ്ററി നാപ്കിൻ, കണ്ണടകൾ, റസ്റ്റോറന്റ് ഭക്ഷണം, ജീവൻ രക്ഷാ ഔഷധങ്ങൾ, ചെറുകിട വ്യാപാര ഉൽപ്പന്നങ്ങൾ, കോഴിയിറച്ചി, ഭക്ഷ്യ എണ്ണ, പഞ്ചസാര, തേയില, ധാന്യങ്ങൾ തുടങ്ങി നിത്യോപയോഗ സാധനങ്ങൾക്ക് വിപണിയിൽ വില കൂടുതലാണോ കുറവാണോ നാളിതുവരെ അനുഭവപ്പെടുന്നത് എന്ന് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ജി.എസ്.ടി നടപ്പിലാക്കുക വഴി പൊതുവെ എല്ലാ മേഖലകളിലും നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കുമ്പോൾ മിക്കവാറും അവശ്യഉല്പന്നങ്ങളുടെ നികുതി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണ മായി. ജി.എസ്.ടി യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാ നുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | ജി.എസ്.റ്റി നടപ്പിലാക്കിയതിനുശേഷം പുതുക്കിയ എം.ആർ.പി വിലയിട്ട് സംസ്ഥാനത്ത് വിപണനം നടത്തുന്ന | (ഡി) | ഇതിനെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടില്ല. ജി.എസ്.ടി നടപ്പിലാ ക്കിയതിനെ തുടർന്ന് നികുതി നിരക്കിലുണ്ടായ വർദ്ധനവ് അനുസരി |

| | | | |
|---|---|---|---|
| | മേഖലകളും ഉൽപ്പന്നങ്ങളും ഏതെല്ലാം എന്നും വ്യക്തമാക്കുമോ? | | ച്ച് MRP കൂടാൻ സാധ്യതയുള്ള പാക്കേജ്ഡ് കമ്മോഡിറ്റികൾ MRP വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദകർ ദേശീയ തലത്തിൽ പത്രപരസ്യം, വില കൂടാനുണ്ടായ കാരണ സഹിതം നൽകുകയും പുതിയ MRP പ്രത്യേക സ്റ്റിക്കറായി പ്രദർശിപ്പിക്കുകയും വേണമെന്ന് കേന്ദ്ര സർക്കാർ കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**